**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 270** **04-10-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും അനുവദിച്ച മുൻഗണന റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡുകൾ മുൻഗണന വിഭാഗത്തിൽ നിന്നും പൊതു വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള അവസാന തീയതിയായ 2021 ജൂലൈ 15 കഴിഞ്ഞപ്പോൾ കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ എത്ര റേഷൻ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | 01.06.2021 മുതൽ 15.07.2021 വരെ 960 റേഷൻ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) | പൊതുവിഭാഗത്തിൽ നിന്നും മുൻഗണന വിഭാഗത്തിലേക്ക് മാറ്റുന്നതിനുവേണ്ടി നിലവിൽ എത്ര അപേക്ഷകൾ കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | 1445 |
| (സി) | ഇതിൽ എത്ര അപേക്ഷകർക്ക് കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും റേഷൻ കാർഡ് മുൻഗണന വിഭാഗത്തിലേക്ക് മാറ്റി നൽകി എന്ന് വ്യക്തമാക്കാമോ; | (സി) | 1054 |
| (ഡി) | കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും പൊതുവിഭാഗത്തിലേക്ക് മാറ്റിയ റേഷൻ കാർഡുകൾക്ക് പകരം എത്ര പേരെ മുൻഗണന വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഡി) | മുൻഗണനാ റേഷൻ കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റിയതിലൂടെ ലഭ്യമായ ഒഴിവുകളിൽ, അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ച മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള അപേക്ഷകളിൽ വേഗത്തിൽ തീരുമാനമെടുത്ത് അർഹരായ ആളുകളെ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ